


പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹരണത്തോടെ നടത്തുന്ന

# യുറീക്ക / ശാസ്ത്രകേരളം
# വിജ്ഞാനോത്സവം 2022-23

അറിവ് നിർമ്മിക്കുന്ന കുട്ടി, സ്വയം വിലയിരുത്തുന്ന കുട്ടി

***കൂടുതൽ വിവരങ്ങൾക്ക്*** edu.kssp.in/ സന്ദർശിക്കുക

## എൽ പി വിഭാഗം

» ഒന്നാം ഘട്ടത്തിൽ 2022 സപ്തംബർ 15 ന് എല്ലാ ക്ലാസ് മുറികളിലും വിജ്ഞാനോത്സവ പ്രവർത്തനങ്ങൾ അധ്യാപകർ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും തുടർന്ന് അഞ്ച് ദിവസം സമയമെടുത്ത്അധ്യാപിക / അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ സ്കൂളും വീടും പരിസരവും വേദിയാക്കി കുട്ടികൾ പ്രവർത്തനങ്ങൾ ചെയ്യുകയും വേണം.


» 3 കൂടകളിലായി 9 പ്രവർത്തനങ്ങൾ നൽകുന്നുണ്ട് . ഓരോ കൂടയിൽ നിന്നും ഓരോ പ്രവർത്തനങ്ങളാണ് കുട്ടികൾ ചെയ്ത് വരേണ്ടത്, തുടർന്ന് അതത് ക്ലാസിൽ വെച്ചുതന്നെ സപ്തംബർ 23നകം സ്വയം വിലയിരുത്തൽ , പരസ്പരവിലയിരുത്തൽ , അധ്യാപക വിലയിരുത്തൽ എന്നിവ പൂർത്തിയാക്കണം. ഇങ്ങനെ വിലയിരുത്തൽ പ്രക്രിയയിൽ പങ്കെടുത്ത മുഴുവൻകുട്ടികളെയും പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കുള്ള വാട്സാപ്പ് ഗ്രൂപ്പുകളിലേക്ക് രജിസ്റ്റർ ചെയ്യുകയുമാണ് ചെയ്യേണ്ടത്.

» എല്ലാ ചോദ്യങ്ങളും കുട്ടികളുടെ മുൻപിൽ സപ്തംബർ 15 നു അവതരിപ്പിക്കണം. ചോദ്യങ്ങൾ അവതരിപ്പിക്കുമ്പോൾ ആവിശ്യമായ വീഡിയോ / ചിത്രങ്ങൾ / ഫയലുകൾ എന്നിവ edu.kssp.in/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്, QR കോഡ് സ്കാൻ ചെയ്തോ PDF ലെ ലിങ്കുകൾ വഴി ക്ലിക്ക് ചെയ്തോ പ്രവർത്തങ്ങൾ വെബ്സൈറ്റിൽ കാണാൻ കഴിയുന്നതാണ്.

എൽ പി എല്ലാ പ്രവർത്തനങ്ങളും കാണാൻ
ഈ QR കോഡ് സ്കാൻ ചെയ്യൂ

# സർഗാത്മക കൂട പ്രവർത്തനം 1– വായിക്കാം മരങ്ങളെ

ചിത്രം സൂഷ്മമായി നിരീക്ഷിക്കു... മരത്തെ ആശ്രയിച്ച് ജീവിക്കുന്നവർ ആരെല്ലാമാണ്? താമസക്കാരുടെ ഭാവം ശ്രദ്ധിച്ചോ? എന്തായിരിക്കും അവരുടെ മനസ്സിലെ ചിന്തകൾ? അവരുടെ പ്രതികരണങ്ങൾ എന്താവും? ഇനിയെന്താണ് സംഭവിക്കുക? ഇതെല്ലാം നിങ്ങൾക്ക് ഭവനയിൽ കാണാൻ കഴിയുന്നുണ്ടോ? ഇതിന്റെ തുടർച്ച ഒരു ചിത്രകഥയായി രൂപപ്പെടുത്താമോ?



QR കോഡ് സ്കാൻ ചെയ്താൽ ഈ പ്രവർത്തനം വെബ്സൈറ്റിൽ കാണാവുന്നതാണ്

## സർഗാത്മക കൂട പ്രവർത്തനം 2– തൻകുഞ്ഞ്പൊൻകുഞ്ഞ് ?



ഈ വീഡിയോ ശ്രദ്ധിക്കൂ. നിങ്ങൾ അതിൽ ആരെയൊക്കെയാണ് കാണുന്നത് ? ഒരു കാക്കച്ചിയെ കാണുന്നുണ്ട് അല്ലേ ? മൂന്ന് കുഞ്ഞുങ്ങൾ ഭക്ഷണത്തിനായി വായും പൊളിച്ചിരിക്കുന്നുണ്ട്. അത് കാക്കയുടെ കുഞ്ഞുങ്ങളാണോ ? രണ്ട് കുഞ്ഞുങ്ങളുടെ നിറം കറുപ്പാണ് .ശരീരത്തിൽ പുള്ളികളുള്ളതാണ് മറ്റൊന്ന്.ഇവ ഏത് പക്ഷിയുടെ കുഞ്ഞുങ്ങളാണെന്ന് ഊഹിക്കാൻ കഴിയുന്നുണ്ടോ? കാക്കയുടെ കൂട്ടിലാണ് കുയിൽ മുട്ടയിടുന്നത് എന്ന് കേട്ടിട്ടില്ലേ? അങ്ങനെ കാക്കയുടെ കൂട്ടിൽ മുട്ടയിട്ട് വിരിഞ്ഞുവന്ന കുയിലിന്റെ മൂന്ന് കുഞ്ഞുങ്ങളാണത്. കറുത്തനിറമുള്ളത് ആൺ കുയിലും പുള്ളികളുള്ളത് പെൺ കുയിലുമാണ്.

ഭക്ഷണത്തിനായി വായും പൊളിച്ചിരിക്കുന്ന കുയിലിന്റെ കുഞ്ഞുങ്ങളെ കാണുമ്പോൾ കാക്കച്ചിയുടെ മനസിസിലുണ്ടാകുന്ന ചിന്തകൾ എന്തെല്ലാമായിരിക്കും ഒന്നെഴുതിനോക്കൂ...

*QR കോഡ് സ്കാൻ ചെയ്താൽ ഈ പ്രവർത്തനം വെബ്സൈറ്റിൽ കാണാവുന്നതാണ്*

## സർഗാത്മക കൂട പ്രവർത്തനം 3– തിരിച്ചുവന്നെങ്കിൽ



**' ഇടിച്ചു വീഴ്ത്തിയ കുന്നുകളെല്ലാം**
**പൊടിച്ചുവന്നെങ്കിൽ**
**കുന്നിൻ മുകളിൽ കുന്നിക്കുരുമണി**
**കുലച്ചുനിന്നെങ്കിൽ....'**

2022 ഏപ്രിൽ ലക്കം യുറീക്കയിലെ കവിത മുഴുവൻ വായിച്ചുനോക്കൂ. ഇതു പോലെ പ്രകൃതിയിലുണ്ടായിരുന്ന മറ്റു പല കാഴ്ചകളും ഇന്ന് കാണാതായിരിക്കുന്നു. അവയിൽ സസ്യങ്ങളും ജീവികളും, ജലാശയങ്ങളും ,പ്രകൃതി വിഭവങ്ങളുമൊക്കെയുണ്ട്. നഷ്ടപ്പെട്ടവ എന്നെങ്കിലും തിരിച്ചു വന്നെങ്കിൽ, എന്ന് കവി ആശിക്കുന്നു. ഇതുപോലെ മാഞ്ഞുപോയ മറ്റെന്തൊക്കെയുണ്ട്? ഒന്നെഴുതിനോക്കൂ.... കഥ,കവിത, സംഭാഷണം എന്നിങ്ങനെ ഏതു രൂപത്തിലും എഴുതാം.

## ശാസ്ത്രകൂട പ്രവർത്തനം 1– നിഴൽ ചിത്രം



താഴെ പറയുന്ന വസ്തുക്കളുടെ നിഴലുകൾ ഒരു ചുമരിലോ, പ്രതലത്തിലോ പതിപ്പിക്കുക. ഓരോന്നിന്റേയും മുകളിൽ നിന്ന് വശങ്ങളിൽ നിന്ന് എന്നിങ്ങനെ വിവിധ ഭാഗങ്ങളിൽ നിന്ന് ടോർച്ച് ഉപയോഗിച്ച് പ്രകാശം പതിപ്പിച്ച് നിഴലുകൾ ഉണ്ടാക്കുക. (വസ്തുക്കൾ ഇളക്കാതെ പിടിക്കണം ) ഓരോ പ്രാവശ്യവും നിങ്ങൾ കണ്ട നിഴലുകളുടെ ചിത്രം പട്ടികയിൽ യഥാസ്ഥാനത്ത് വരയ്ക്കുക.

പട്ടിക പരിശോധിച്ച് പ്രത്യേകതകൾ കണ്ടെത്തൂ.... നിങ്ങളുടേതായ നിഗമനങ്ങൾ എഴുതുക.

| | വസ്തുവിന്റ് പേര് | ടോർച്ച് അടിക്കേണ്ടത് | | |
|---|---|---|---|---|
| | | മുകളിൽ നിന്ന് | ഇടതുനിന്ന് | വലതുനിന്ന് |
| 1 | വട്ടത്തിലുള്ള പ്ലേറ്റ് | | | |
| 2 | വള | | | |
| 3 | പന്ത് | | | |
| 4 | നോട്ടുബുക്ക് | | | |
| 5 | ചെറിയ കല്ല് | | | |



## ശാസ്ത്രകൂട പ്രവർത്തനം 2 – ജീവികളും അവയുടെ വാലുകളും

നമുടെ ചുറ്റുവട്ടത്ത് പലതരം ജീവികൾ ഉണ്ടല്ലോ. അവയുടെ ആകൃതി വലിപ്പം നിറം പ്രകൃതം എന്നിവയൊക്കെ ഒരുപോലെയാണോ ?. അവയുടെ ശരീരഭാഗങ്ങൾക്കും വ്യത്യാസമില്ലേ ? നിങ്ങൾ ജീവികളുടെ വാലുകൾ ശ്രദ്ധിച്ചിട്ടുണ്ടോ? തന്നിരിക്കന്ന വീഡിയോ സൂക്ഷ്മമായി നിരീക്ഷിക്കുക. അണ്ണാന്റെ വാൽ അതിന് എങ്ങനെയാണ് ഉപകാരപ്പെടുന്നത് ? ഇതുപോലെ വാലുള്ള അഞ്ചു ജീവികളെ നിരീക്ഷിക്കുക. (മൃഗം, പക്ഷി, മത്സ്യം.... തുടങ്ങി ഏതെങ്കിലും മൂന്ന് വിഭാഗങ്ങളെങ്കിലും ഉണ്ടാകണം ) നിങ്ങളുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വാലുകളുടെ പ്രത്യേകതയും അവയുടെ ഉപയോഗവും ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക



## ശാസ്ത്രകൂട പ്രവർത്തനം 3 ഇഷ്ടം

2016 ആഗസ്റ്റ് രണ്ടാം ലക്കം യുറീക്കയിലെ കുട്ടിവായന"എന്ന ഭാഗം വായിച്ചിരുന്നോ? ഈ ലിങ്കിലൂടെ ഒന്നുകൂടി വായിച്ചുനോക്കൂ.... ഇനി മൂന്നാം ക്ലാസിലെ പരിസരപഠനത്തിലെ"കുട്ടിയാന മുതൽ കൊമ്പനാനവരെ"എന്ന പാഠഭാഗവും വായിക്കൂ....ഇപ്പോൾ ജീവകളെ കുറിച്ച് കുറെ കാര്യങ്ങൾ മനസിലാക്കിയല്ലോ ? നിങ്ങളുടെ ചുറ്റിലുമുള്ള വീടുകളിൽ ഏതെല്ലാം വളർത്തു ജീവികളാണുള്ളത് ? അവയ്ക്ക് ഇഷ്ടപ്പെട്ട ആഹാരം ഏതാണ് ? ഒരന്വേഷണം നടത്തി പട്ടികയിൽ രേഖപ്പെടുത്തൂ... പട്ടിക പരിശോധിച്ച് ഓരോന്നും ഏത് വിഭാഗത്തിൽപ്പെടുന്നു എന്നും കണ്ടെത്തുക.

| നമ്പർ | ജീവിയുടെ പേര് | ഇഷ്ടപ്പെട്ട ഭക്ഷണങ്ങൾ | വിഭാഗം (സസ്യാഹാരി,മാംസാഹാരി,മിശ്രാഹാരി) |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |


## നിർമ്മാണകൂട പ്രവർത്തനം 1.നാടൻ പാനീയം

പാചകം വളരെ രസകരമായ ഒരു നിർമ്മാണമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ ? പപ്പായ,തേങ്ങ... തുടങ്ങി നമ്മുടെ പ്രാദേശിക വസ്തുക്കൾ ഉപയോഗിച്ച് മികച്ച വിഭവങ്ങൾ ഉണ്ടാക്കിയതിനെ കുറിച്ച് യുറീക്കയിൽ വന്നത് കണ്ടോ ? ഇതുപോലെ നിങ്ങളുടെ പ്രദേശത്ത് സുലഭമായി കിട്ടുന്ന ഏതെങ്കിലും ഒരു പ്രകൃതി വിഭവവും മറ്റ് വസ്തുക്കളും ഉപയോഗിച്ച് ഒരു പാനീയം തയ്യാറാക്കൂ... ഉണ്ടാക്കുന്ന രീതിയും എഴുതുക.


## നിർമ്മാണകൂട പ്രവർത്തനം 2 .പൂച്ചക്കുട്ടിയെ ഓടിക്കാം.



ചിത്രം1




ചിത്രം 1 ൽ കാണുന്ന രീതിയിൽ ചതുരപ്പെട്ടിയിൽ രണ്ടു ജോഡി ചക്രങ്ങൾ നന്നായി കറങ്ങുന്ന വിധത്തിൽ ഉറപ്പിക്കുക.



ചിത്രം 2

ചിത്രം 2 ഒരു നല്ല റബ്ബർ ബാൻഡ് പെട്ടിയുടെ ഒരു ഭാഗത്ത് ഒരറ്റം ഉറപ്പിക്കുക. മറുഭാഗം ഒന്നാമത്തെ ജോഡി ചക്രങ്ങളുടെ അച്ചുതണ്ടിൽ സെലോടേപ്പുപയോഗിച്ച് നന്നായി ഉറപ്പിക്കുക. ചക്രം കൈകൊണ്ട് തിരിക്കുമ്പോൾ റബ്ബർ ബാൻഡ് ചക്രങ്ങൾ ഉറപ്പിച്ച മുന്നിലെ അച്ചുതണ്ടിൽ ചുറ്റണം

വിട്ടാൽ തിരികെ പഴയ അവസ്ഥയിൽ എത്തുകയും വേണം. ഇനി വണ്ടി കയ്യിലെടുത്ത് ചക്രം തിരിക്കൂ.ചക്രം തിരിക്കുമ്പോൾ റബർബാന്റ് അച്ചുതണ്ടിൽ ചുറ്റുന്നില്ലേ ? വണ്ടി തറ യിൽവെച്ച് കൈവിട്ടാൽ ചക്രം തിരിയുകയും വണ്ടി ഓടുകയും ചെയ്യും.




ചിത്രം 3

ചിത്രം 3

കട്ടിയുള്ള പേപ്പറിൽ ചിത്രത്തിൽ കാണുന്നതു പോലെ ഒരു പൂച്ചയുടെ ഉടലും തലയും വരച്ച് വെട്ടിയെടുത്ത് പരസ്പരം ഒട്ടിച്ച് പൂച്ചയുടെ രൂപം തയ്യാറാക്കുക.

ചിത്രം 4



ചിത്രം 4 വണ്ടിക്ക് മുകളിൽ പൂച്ചയുടെ രൂപം ഒട്ടിച്ച് ചേർക്കുക. ഓടുന്ന പൂച്ചക്കുട്ടി തയ്യാർ. പ്രവർത്തനം ചെയ്തു നോക്കൂ... കൂടുതൽ ദൂരം ഓടുന്നതിനായി മറ്റെന്തെല്ലാം ചെയ്യാനാകും? കണ്ടെത്തൽ എഴുതുക.

## നിർമ്മാണകൂട പ്രവർത്തനം 3 – വരൾച്ചയിൽ നിന്ന് ജലസമൃദ്ധിയിലേയ്ക്ക്



2020 ഏപ്രിൽ ആദ്യ ലക്കംയുറീക്കയിലെ "വരൾച്ചയിൽ നിന്ന് ജലസമൃദ്ധിയിലേയ്ക്ക് "എന്ന കളി നിങ്ങൾ കളിച്ചു നോക്കിയോ? നമ്മുടെ പാമ്പും കോണിയും കളി തന്നെയാണ്. അതിലെ നിയമങ്ങളാണ് പ്രധാനം. ചെയ്യരുതാത്ത കാര്യങ്ങൾ സൂചിപ്പിക്കുന്ന കളങ്ങളിൽ എത്തിയാൽ പിന്നിലേയ്ക്കും, ചെയ്യേണ്ട കാര്യങ്ങൾ സൂചിപ്പിക്കുന്ന കളങ്ങളിൽ എത്തിയാൽ മുന്നിലേയ്ക്കും പോകാം. അങ്ങനെ വരൾച്ചയിൽ നിന്ന് ജലസമൃദ്ധിയിലേയ്ക്ക് ആദ്യം എത്തുന്ന ആൾ വിജയിക്കും.ഇതാണ് കളി.

- മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് ഇത്തരം ഒരു കളി നിങ്ങൾക്ക് തയ്യാറാക്കാമോ? ഗെയിം ബോർഡ് ആകർഷകമായി വരച്ച് ഭംഗിയാക്കണം.നിയമങ്ങൾ പ്രത്യേകമായും സൂചിപ്പിക്കണം

